# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 527** **06/07/2012 ൽ മറുപടിക്ക്**

**വയനാട് ജില്ലയിൽ ആധുനിക ചികിത്സാ കേന്ദ്രം**

**ചോദ്യം** **മറുപടി**

**ശ്രീമതി.കെ.കെ.ലതിക**
**ശ്രീ. ഇ.പി.ജയരാജൻ**
**ശ്രീ. ജെയിംസ് മാത്യൂ**
**ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ചികിത്സാ സൗകര്യങ്ങളുടെ അഭാവത്തിൽ വയനാട് ജില്ലയിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ നിലവാരത്തിലുള്ള ആധുനിക ചികിത്സാ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) | വയനാട്ടിൽ പട്ടികവർഗ്ഗക്കാരുടെ ഇടയിൽ കണ്ടുവരുന്ന sickle cell anemia തുടങ്ങിയ രോഗങ്ങളെക്കുറിച്ചുള്ള ഗവേഷണ കേന്ദ്രമാണ് വയനാട്ടിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രി സെക്രട്ടറി ഹെൽത്ത് റിസർച്ച് ഡിപ്പാർട്ട്മെന്റ് (ഡയറക്ടർ ജനറൽ ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്) ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസ്, പ്രിൻസിപ്പൽ സെക്രട്ടറി കേരള ആരോഗ്യവകുപ്പ് എന്നിവർ നടത്തിയ യോഗത്തിൽ കേരള സർക്കാരും, ശ്രീചിത്രയും ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും സംയുക്തമായി വയനാട്ടിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുവാൻ തീരുമാനിച്ചു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേക്കായി കേരള സർക്കാരും, ശ്രീചിത്രയും ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും കേന്ദ്ര സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ബന്ധപ്പെട്ട വകുപ്പുകളും ആവശ്യമായ ചർച്ചകൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിനാവശ്യമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതിന് എന്തു തുക ചെലവ് കണക്കാക്കിയിട്ടുണ്ട് ; ഇത് നടപ്പിലാക്കാൻസ്പെഷ്യൽ ആഫീസറെ നിയോഗിച്ചിട്ടുണ്ടോ ; | (ബി) | പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനാൽ ഇതിനാവശ്യമുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല |
| (സി) | ഇത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്നും അത് എവിടെയാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (സി) | 04/06/2012 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ വയനാട്ടിലെ പ്രിയദർശിനി എസ്റ്റേറ്റിൽ നിന്നും ഏകദേശം 100 ഏക്കർ സ്ഥലം പ്രസ്തുത ഗവേഷണകേന്ദ്രത്തിന് അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. |
| (ഡി) | 2011-12 വർഷത്തിൽ ഈ ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു; ഇതിൽ എത്ര രൂപ ചെലവഴിക്കുകയുണ്ടായി ; | (ഡി) | 2011 ജൂലൈ 8 ന് നടത്തിയ 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വയനാട് ശ്രീചിത്ര സെന്ററിനായി 2 കോടി രൂപ വകകൊള്ളിച്ചതായി പ്രഖ്യാപിക്കുകയും 2011 ഒക്ടോബർ മാസത്തെ ഉപധനാഭ്യർത്ഥനയിൽ 4210-04-200-94 ശീർഷകത്തിൽ Token provision വച്ചിട്ടുമുണ്ട്. |
| (ഇ) | ആധുനിക ചികിത്സാകേന്ദ്രം എന്ന് നിലവിൽ വരും; നിലവിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തപ്പെട്ട തുക എത്രയാണെന്ന് വിശദമാക്കുമോ ? | (ഇ) | സ്ഥലമെടുക്കൽ പ്രക്രിയ പൂർത്തിയായി ഏകദേശം 5 വർഷത്തിനുള്ളിൽ പ്രസ്തുതകേന്ദ്രം നിലവിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ